മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

18 (*78) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജിലെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതു സംബന്ധിച്ച പരാതികളിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യം അന്വേഷിക്കുന്നതിന് മെഡിക്കൽ കോളേജുകളിൽ വിജിലൻസ് പരിശോധന നടത്തിയിരിന്നുവോ ; വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ & ബി) പുതിയ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിനോടനുബന്ധിച്ച് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് നോൺ പ്രാക്ടീസിംഗ് അലവൻസ് നല്കിക്കൊണ്ട് സ്വകാര്യ പ്രാക്ടീസ് നിരോധിക്കുകയുണ്ടായി. ഇതേ തുടർന്ന് ഇത് നിരീക്ഷിക്കുന്നതിന് വേണ്ടി മെഡിക്കൽ കോളേജ് തലത്തിലും ഡയറക്ടറേറ്റ് തലത്തിലും വിജിലൻസ് കമ്മിറ്റികൾ രൂപവത്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ചില ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതേക്കുറിച്ച് വിശദമായ അന്വേഷണത്തിന് സർക്കാർ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ലഭിച്ച ബസ്സുകൾ

19 (*79) ശ്രീ. സി. എം. ദിനേശ്മണി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് എത്ര ബസ്സുകൾ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനകം എത്ര ബസ്സുകൾ ലഭിച്ചിട്ടുണ്ട് ;

(സി) ലോ-ഫ്ളോർ ബസ്സുകളുടെ ഷെഡ്യൂളുകൾ ലാഭകരമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) നഗരാതിർത്തിക്കുപുറത്തേക്ക് സർവ്വീസുകൾ വ്യാപിപ്പിച്ചതിന്റെ ഫലമായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) ലോ-ഫ്ളോർ ബസ്സുകൾ കേരളത്തിലെ റോഡുകളിൽ സർവ്വീസ് നടത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് കേരളത്തിന് അനുവദിക്കുന്ന ബസ്സുകളുടെ രൂപ കല്പനയിൽ മാറ്റം വരുത്തുന്നതിന് ആവശ്യപ്പെടുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) JnNURM പദ്ധതി പ്രകാരം തിരുവനന്തപുരത്തിന് 120 നോൺ എ.സി ബസ്സുകളും, 30 എ.സി. ബസ്സുകളുമാണ് ലഭിക്കുന്നത്. എന്നാൽ കൊച്ചി സിറ്റിക്ക് 120 നോൺ എ.സി ബസ്സുകളും 50 എ.സി. ബസ്സുകളുമാണ് ലഭിക്കുന്നത്.

(ബി) തിരുവനന്തപുരത്തിന് 18 എ.സി ബസ്സുകളും, 31 നോൺ എ.സി ബസ്സുകളും കൊച്ചിക്ക് 28 എ.സി ബസ്സുകളും, 32 നോൺ എ.സി ബസ്സുകളും ലഭിച്ചിട്ടുണ്ട്. ആകെ ലഭിച്ച ബസ്സുകളുടെ എണ്ണം എ.സി. 46, നോൺ എ.സി 63.

(സി) ടി ബസ്സുകൾ കടന്നുപോകുന്ന പ്രധാന ജംഗ്ഷനുകളിൽ സമയവിവരപ്പട്ടിക പ്രദർശിപ്പിച്ചും പത്രമാദ്ധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകിയും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബഹുജനങ്ങളുടെയും സ്ഥിരം യാത്രക്കാരുടെയും അഭിപ്രായങ്ങൾ കണക്കിലെടുത്ത് ചില റൂട്ടുകളിൽ മാറ്റം വരുത്തിയും യാത്രക്കാരെ കൂടുതൽ ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഇ) JnNURM പദ്ധതിപ്രകാരം കേന്ദ്ര നഗര വികസന മന്ത്രാലയം (MOUD) രൂപകൽപ്ന ചെയ്ത് തന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തി ലാണ് പ്രസ്തുത ബസ്സുകൾ വാങ്ങാൻ കെ.എസ്.ആർ.ടി.സി. ഉത്തരവ് നൽകി യിട്ടുള്ളത്. രാജ്യവ്യാപകമായി ഇത്തരത്തിൽ രൂപകൽപ്പന ചെയ്ത ബസ്സുകൾ ഓടികൊണ്ടിരിക്കുന്നു. സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട പ്രസ്തുത ബസ്സു കളുടെ രൂപകൽപ്പനയിൽ പ്രത്യേകമായി മാറ്റം വരുത്തുവാൻ കഴിയുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly